**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5588** **15-03-2023 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡിന്റെ ഭൂമിയുടെ സർവേ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | വഖഫ് ബോർഡ് ഭൂമിയുടെ സർവേ പൂർത്തിയാക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | 1995 ലെ വഖഫ് ആക്ട് സെക്ഷൻ 4(1) പ്രകാരം സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ സർവ്വെ നടപടികൾക്കായി സർവ്വെ കമ്മീഷണറെയും അഡീഷണൽ സർവ്വെ കമ്മീഷണർമാരെയും അസിസ്റ്റന്റ് സർവ്വെ കമ്മീഷണർമാരെയും നിയമിച്ചിട്ടുണ്ട്. അഡീഷണൽ സർവ്വെ കമ്മീഷണർമാരായ ജില്ലാ കളക്ടർമാരുടെയും അസിസ്റ്റന്റ് സർവ്വെ കമ്മീഷണർമാരായ സർവ്വെ സൂപ്രണ്ടുമാരുടെയും നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും വഖഫ് സ്വത്തുക്കളുടെ സർവ്വെ നടപടികൾ നടന്നു വരികയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിച്ച ജില്ലകളിലെ സർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ മതിയായ എണ്ണം സർവ്വേയർമാരെ ഉൾക്കൊള്ളിച്ച് ഒരു സ്പെഷ്യൽ യൂണിറ്റ് രൂപീകരിക്കുന്ന കാര്യം പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുള്ളതും അതിന്മേൽ അടിയന്തര തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) | ഇത് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; വിശദമാക്കാമോ? | (ബി) | (എ) പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ